©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 ആഗസ്റ്റ് 30<br>30th August 2022<br>1198 ചിങ്ങം 14<br>14th Chingam 1198<br>1944 ഭാദ്രം 8<br>8th Bhadra 1944 | നമ്പർ<br>No. | 2966 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ: 38/2022/സം.തി.ക തിരുവനന്തപുരം, 2022 ആഗസ്റ്റ് 29

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2022 ആഗസ്റ്റ് 23-ാം തീയതി ബി2-66-2022-സം.തി.ക(2) നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2022 ആഗസ്റ്റ് 27-ാം തീയതിയിലെ 2902-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിൽ,-ക്രമ നമ്പർ 5962-ഉം അതിനെതിരെയുള്ള ഉൾക്കുറിപ്പുകളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഒഴിവാക്കേണ്ടതാണ്. ഈ വിജ്ഞാപനത്തിന് 2022 ആഗസ്റ്റ് 23-ാം തീയതി മുതൽ പ്രാബല്യം ഉള്ളതാണ്.

**എ.ഷാജഹാൻ,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2020-ലെ പൊതുതിരഞ്ഞെടുപ്പിൽ ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാനാർത്ഥികളെ അയോഗ്യരാക്കികൊണ്ട് കമ്മീഷൻ 23.08.2022-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ മലപ്പുറം ജില്ലയിലെ ജി.76 കണ്ണമംഗലം ഗ്രാമ പഞ്ചായത്തിലെ 16-എടക്കാപറമ്പ് നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീമതി. ഹസീന തയ്യിലിന്റെ പേര് ക്രമ നമ്പർ 5962 ആയി ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ താൻ 06.02.2022-ന് ചെലവ് കണക്ക് സമർപ്പിച്ചിരുന്നതായും ആയതിനാൽ തന്റെ പേര് ഒഴിവാക്കണമെന്നും ശ്രീമതി. ഹസീന തയ്യിൽ 27.02.2022-ൽ കമ്മീഷന് നിവേദനം സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ഈ വിഷയത്തിൽ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായ വേങ്ങര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി കമ്മീഷനിൽ മൊഴി നൽകിയിട്ടുള്ളതാണ്. ഇവ പരിശോധിച്ചതിൽ നിന്നും ശ്രീമതി.ഹസീന തയ്യിൽ 06.02.2022-ൽ ഫോം എൻ.30-ൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിച്ചിട്ടുള്ളതായും ആ വിവരത്തിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഫോം എൻ.28 റിപ്പോർട്ട് 30.07.2022 ന് കമ്മീഷനിൽ സമർപ്പിച്ചതായും 23.08.2022-ലെ വിജ്ഞാപനത്തിൽ അയോഗ്യരാക്കപ്പെട്ടവരുടെ ഗണത്തിൽ ക്രമ നമ്പർ 5962 ആയും ശ്രീമതി.ഹസീന തയ്യിലിന്റെ പേര് പിശകായി ഉൾപ്പെടുത്താൻ ഇടവന്നിട്ടുള്ളതാണെന്നും കമ്മീഷന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പിശകായി ഉൾപ്പെട്ട ശ്രീമതി. ഹസീന തയ്യിലിന്റെ പേര് അയോഗ്യരാക്കപ്പെട്ടവരുടെ പട്ടികയിൽ നിന്നും മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കേണ്ടത് ആവശ്യമെന്ന് കമ്മീഷൻ കരുതുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.08.30 07:19:06 +05:30